**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2383** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഫാമിലി മെഡിസിൻ യൂണിറ്റ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി ആരംഭിക്കുന്ന ഫാമിലി മെഡിസിൻ യൂണിറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും മാവൂരിലെ ചെറൂപ്പയിലേക്ക് മാറ്റി പ്രസ്തുത ആരോഗ്യ കേന്ദ്രം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | **ഫാമിലി മെഡിസിൻ MD കോഴ്സിന്റെ കരിക്കുലം അനുസരിച്ച് 3 വർഷത്തെ കോഴ്സിൽ രണ്ടാം വർഷമാണ് പെരിഫെറൽ പോസ്റ്റിങ്ങ് എന്ന നിലയിൽ റൂറൽ അർബൻ ആശുപത്രികളിൽ പരിശീലനം നടത്താൻ അനുവദിക്കുന്നത്. ഒന്നാം വർഷവും മൂന്നാം വർഷവും ഇവർ മെഡിക്കൽ കോളേജിൽ തന്നെയാണ് പഠനം നടത്തേണ്ടത്. രണ്ടാം വർഷത്തിൽ നാല്  മാസം താലൂക്ക് ആശുപത്രികളിലും മൂന്ന മാസം മറ്റ പി.എച്ച്.സി, സി.എച്ച്.സി കളിലും ഇവരെ പരിശീലനത്തിന് അയക്കാവുന്നതാണ്. ഇക്കാരണത്താൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുള്ള ഫാമിലി മെഡിസിൻ കോഴ്സ് ചെറുപ്പ ആശുപത്രിയിലേക്ക് മാറ്റുന്നതിന് തടസ്സങ്ങൾ ഉണ്ട്. എന്നിരുന്നാലും നിലവിലുള്ള രണ്ടു പി.ജി വിദ്യാർത്ഥികളുടെ രണ്ടാം വർഷത്തെ പരിശീലനത്തിൽ ചെറുപ്പ ആശുപത്രിയെയും ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിനായി ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട തദ്ദേശ സ്ഥാപന പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവരും അടങ്ങുന്ന ഒരു സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിനെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ഇതു സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ